BY REGISTERED POST WITH ACKNOWLEDGEMENT CARD

**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

ഹാജർ: ഡോ. സുമി ചെറിയാൻ കെ എ എസ്

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്- തിരുവനന്തപുരം - ജീവനക്കാര്യം - ഡ്രൈവർ ഗ്രേഡ് II (LDV)/ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (എൽ.ഡി.വി.) തസ്തികയിൽ 25,100 - 57,900 രൂപാ ശമ്പള സ്കെയിലിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/564/2025-E1 തിരുവനന്തപുരം,തീയതി:26-05-2026

പരാമർശം:- കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ കോട്ടയം ജില്ലാ ഓഫീസറുടെ 04/05/2026 ലെ No.K II(1) 435676/2021 നം കത്ത്.

**ഉത്തരവ്**

മേൽപരാമർശ നിയമന ശിപാർശാ കത്ത് പ്രകാരം ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ നിലവിലുള്ള ഡ്രൈവർ തസ്തികയിലെ ഒഴിവിലേക്ക് നിയമനം നൽകുന്നതിലേക്കായി ശിപാർശ ചെയ്യപ്പെട്ട താഴെപ്പറയുന്ന ഉദ്യോഗാർത്ഥിയെ ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്ഷീരവികസന വകുപ്പ് ഗുണനിയന്ത്രണ കാര്യാലയത്തിൽ 25,100 - 57,900 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ് II (LDV)/ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (എൽ.ഡി.വി.) തസ്തികയിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| SL NO | Name and address of candidate | Father's/Guardian's Name, Date of Birth & PCN | Qualification & Experience | Post Name and Turn |
|---|---|---|---|---|
| 1 | RAMESH SUKUMARAN<br>CHAVARANAL HOUSE<br>CHEMPAKAPPARA P O<br>IDUKKI 685510<br>Communication Adress<br>CHAVARANAL HOUSE<br>VAZHOOR P O<br>KOTTAYAM 686504<br>(VISWAKARMA-VISWAKARMA) | SUKUMARAN<br>05-04-1989<br>150051748 | 1,SSLC (General)<br>2. MVD Licence of atleast 3 years standing to drive LMV | Driver Grade II (LDV)/Driver cum office Attendant (LDV)<br>OC Turn |

**നിബന്ധനകൾ**

1. നിയമനം താൽക്കാലികവും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് നിയമത്തിൽ പൊതുചട്ടങ്ങളിലെ 9 (എ) (1) ചട്ടത്തിനും നിബന്ധനകൾക്കും വിധേയമായിരിക്കും.

2. നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് ടി തസ്തികയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള ശമ്പളത്തിനല്ലാതെ മറ്റൊന്നിനും അവകാശം ഉണ്ടായിരിക്കുന്നതല്ല.
3. ടി താൽക്കാലിക നിയമനം സ്ഥിരമാക്കുന്നത് സർക്കാരുദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിന് യോഗ്യനാണെന്ന പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ നൽകുന്ന സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ടി റിപ്പോർട്ട് എതിരായാൽ ടി താൽക്കാലിക നിയമനം യാതൊരു അറിയിപ്പും കൂടാതെ റദ്ദുചെയ്യുന്നതായിരിക്കും.
4. നിയമന ശിപാർശയും നിയമനവും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പൊതു പൊതുനിയമത്തിലെ 3 (സി), 10 (ബി) ചട്ടങ്ങൾക്ക് വിധേയമായിരിക്കും.
5. നിയമന ഉത്തരവ് ലഭിച്ച താങ്കൾ ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ താഴെപ്പറയുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

എ) ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ.

ബി) ശാരീരിക യോഗ്യത തെളിയിക്കുന്നതിന് G.O. (P) No. 20/2011/P&ARD dated 30.06.2011 പ്രകാരമുള്ള അംഗീകൃത ഫോറത്തിൽ രണ്ടാം ഗ്രേഡ് സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.

സി) ജോലിയുള്ള ആളാണെങ്കിൽ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ്.

ഡി) ഇതോടൊപ്പമുള്ള ഫാറങ്ങൾ പൂരിപ്പിച്ചത് (2 എണ്ണം).

ഇ) ആറുമാസത്തിനുള്ളിൽ എടുത്ത 2 പാസ്പോർട്ട് സൈസ് ഫോട്ടോ.

എഫ്) നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ (ഒരു വർഷത്തിനകം ലഭിച്ചത്) അസ്സലും ഒരു പകർപ്പും (ആവശ്യക്കാർക്ക് മാത്രം).

ജി) കേരള പബ്ളിക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള ഒറ്റത്തവണ പരിശോധന (One Time Verification) പ്രകാരം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 (മൂന്ന്) വർഷത്തിനുള്ളിൽ 2 (രണ്ട്) വർഷം നിയമാനുസൃതം നിരീക്ഷണത്തിലായിരിക്കും. കൂടാതെ, ജനറൽ പ്രൊവിഡന്റ് ഫണ്ട്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്, മെഡിസെപ്പ്, നാഷണൽ പെൻഷൻ സ്കീം എന്നീ പദ്ധതികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ വരിക്കാരനാകേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനകം ഓഫീസ് തലവൻ മുഖേന PRAN ലഭിക്കുന്നതിനുള്ള അപേക്ഷ ട്രഷറി ഓഫീസർക്ക്

നൽകേണ്ടതുമാണ്.

നിയമന ഉത്തരവ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ഗുണനിയന്ത്രണ കാര്യാലയം, നം- കെ എം സി 13/1060, ഈരയിൽകടവ്, കോട്ടയം പി ൻ 686001-ൽ ക്വാളിറ്റി കൺട്രോൾ ഓഫീസർ മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ഈ നിയമനം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതായിരിക്കും.

ADMINISTRATIVE OFFICER

Digitally signed by
Sumi Cherian
Date: 26-05-2026
10:50:37

To,
RAMESH SUKUMARAN
CHAVARANAL HOUSE, VAZHOOR P O, KOTTAYAM 686504

പകർപ്പ്:-
1) ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയം, കോട്ടയം
2) ഡയറക്ടറുടെ മേശപ്പുറത്ത്
3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
4) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)
5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
6) എല്ലാ സൂപ്രണ്ടുമാർക്കും
7) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ, ഡയറക്ടറേറ്റ് - ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്.
8) ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് കോട്ടയം.